ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **SBTE-1/19546/23/DTE** തീയതി: **19-01-2026**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - കേരളാ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ - സ്വകാര്യ സ്വാശ്രയ പോളിടെക്നിക് കോളേജുകൾ **SBTE**യുടെ തുടരഫിലിയേഷൻ ഫീസ് അടച്ച് **2026-27** അക്കാദമിക വർഷത്തെ തുടരഫിലിയേഷൻ നേടുന്നത് - സംബന്ധിച്ച്

സൂചന :- **16.01.2026**ലെ സ. ഉ.(കൈ)നം. **26/2026/HEDN** നം സർക്കാർ ഉത്തരവ്.

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ പുതുതായി ആരംഭിക്കുന്ന വിവിധ ഡിപ്ലോമ കോഴ്സുകളുടെ അഫിലിയേഷൻ ഫീസ് കോഴ്സ് ഒന്നിന് **Rs. 1,00,000/-** രൂപയിൽ നിന്നും **Rs. 50,000/-** രൂപയായും തുടരഫിലിയേഷൻ ഫീസ് **Rs.50,000/-** രൂപയിൽ നിന്നും **Rs.25,000/-** രൂപയായും പുനഃക്രമീകരിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

കേരളാ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനു കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ എല്ലാ സ്വകാര്യ സ്വാശ്രയ പോളിടെക്നിക് കോളേജുകളും **2026-27** അക്കാദമിക വർഷത്തെ തുടരഫിലിയേഷൻ ഫീസ് ഇനത്തിൽ കോഴ്സ് ഒന്നിന് **25,000/-** രൂപാ വീതം മെമ്പർ സെക്രട്ടറി, കേരളാ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി ഡി എടുത്ത്, **SBTE**യുടെ തുടരഫിലിയേഷനുള്ള അപേക്ഷാ ഫോമിനൊപ്പം എത്രയും പെട്ടെന്ന് ഈ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്. ഫീസ് അടച്ച് തുടരഫിലിയേഷൻ നേടാത്ത സ്ഥാപനങ്ങളെ **2026-27** അക്കാദമിക വർഷത്തെ അഡ്മിഷൻ നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്. **2026-27** അക്കാദമിക വർഷത്തെ തുടരഫിലിയേഷൻ നേടുന്നതിനായുള്ള അപേക്ഷ, ഫീസ് ഉൾപ്പെടെ **2026** ജനുവരി **31**ാം തീയതിയ്ക്കകം ഈ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

JAYAPRAKASH P
DIRECTOR

Signed by
Jayaprakash P
Date: 19-01-2026 17:06:19

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്വകാര്യ സ്വാശ്രയ പോളിടെക്നിക് സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരള സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ-സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ പോളിടെക്നിക്ക് കോളേജുകളിലെ കോഴ്സുകളുടെ അഫിലിയേഷൻ ഫീസ്-പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.**26/2026/HEDN** തീയതി,തിരുവനന്തപുരം, **16-01-2026**

---

പരാമർശം:-

1. **15.01.2018** തീയതിയിലെ സ.ഉ.(കൈ)നം.**30/2018**/ഉ.വി.വ
2. **23.06.2018** തീയതിയിലെ സ.ഉ.(കൈ)നം.**143/2018**/ഉ.വി.വ
3. **04.06.2019** തീയതിയിലെ സ.ഉ.(കൈ)നം.**156/2019**/ഉ.വി.വ
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ **04.08.2022,30.09.2022 ,31.12.2022** തീയതികളിലെ എൽ**1/30555/22**/ഡി.ടി.ഇ നമ്പർ കത്തുകൾ
5. **WA No.1948/2019** നമ്പർ കേസിലെ **07.01.2025** തീയതിയിലെ അന്തിമ വിധിന്യായം.
6. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ **04.02.2024, 21.08.2024, 21.02.2025** തീയതികളിലെ എസ്.ബി.ടി.ഇ-**1/19546/23**/ഡി.ടി.ഇ നമ്പർ കത്തുകൾ.
7. **21.04.2025** തീയതിയിലെ സ.ഉ.(കൈ)നം.**196/2025**/ഉ.വി.വ

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സ്വകാര്യ, സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ വിവിധ കോഴ്സുകൾക്ക് സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനിൽ (എസ്.ബി.ടി.ഇ) അഫിലിയേഷൻ നൽകുന്നതിനായി പരാമർശം 7 പ്രകാരം നിശ്ചയിച്ചു നൽകിയിരുന്ന ഫീസ് ഘടന ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു :

ഓരോ കോഴ്സിനുള്ള അഫിലിയേഷൻ - രൂ.**50,000/-** (രൂപ അൻപതിനായിരം മാത്രം)

ഓരോ കോഴ്സിനുമുള്ള തുടർ അഫിലിയേഷൻ - രൂ.**25,000/-** (രൂപ ഇരുപത്തയ്യായിരം മാത്രം)

ഈ ഇനത്തിൽ കുടിശ്ശികയായി നിലനിൽക്കുന്ന തുക ഉടനടി

പിരിച്ചെടുക്കുന്നതിന് മെമ്പർ സെക്രട്ടറി , സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്‌നിക്കൽ എഡ്യൂക്കേഷൻ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ) നടപടികൾ സ്വീകരിക്കേണ്ടതും സർക്കാരിലേക്ക് ഇത് സംബന്ധിച്ചു മൂന്ന് മാസ കാലയളവിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ മുഖേനയുള്ള മറ്റ് ആവശ്യങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള ഫീസ് ഇനങ്ങളിൽ തൽസ്ഥിതി തുടരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി , സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്‌നിക്കൽ എഡ്യൂക്കേഷൻ
സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്)
എല്ലാ സ്വാശ്രയ-സ്വാകാര്യ പോളിടെക്‌നിക് കോളേജ് പ്രിൻസിപ്പൽമാർക്ക് (സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്‌നിക്കൽ എഡ്യൂക്കേഷൻ മെമ്പർ സെക്രട്ടറി മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, കോട്ടയം.
ധനകാര്യ (വിദ്യാഭ്യാസ-സി) വകുപ്പ് (06.01.2026-ലെ No.2960404/EDN-C2/273/2024-FIN പ്രകാരം)
www.highereducation.kerala.gov.in
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Signed by Geetha Lekshmi G
Date: 16-01-2026 11:04:07
ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.